भारतीय गैर न्यायिक

एक सौ रुपये

Rs. 100

रु. 100

ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

DV 965426

(26.12.2022) രണ്ടായിരത്തി ഇരുപത്തിരണ്ടാമാണ്ട് ഡിസംബർ മാസം ഇരുപത്തി യാറാം തിയതി ആലുവ താലൂക്ക് ആലുവ ഈസ്റ്റ് വില്ലേജ് ചൂണ്ടി ഭാഗത്ത് കൈരളി നഗറിൽ ഇറക്കത്ത് ഹൗസിൽ മുഹമ്മദ് ബഷീർ 1-ാം പാർട്ടിയായും **Kerala Amazing Holidays Pvt.Ltd** നാമധേയത്തിലുള്ള സ്ഥാപനത്തിന്റെ മാനേജിങ്ങ് ഡയറക്ടേഴ്സായ ആലുവ താലൂക്ക് ആലുവ വെസ്റ്റ് വില്ലേജ് ആലുവ കരയിൽ അസീസി ഭാഗത്ത് മറ്റപ്പിള്ളി വീട്ടിൽ ഷാജി മകൻ 1. ധനേഷ് എം.എസ്. ആലുവ താലൂക്ക് ആലുവ വെസ്റ്റ് വില്ലേജ് ആലുവ കരയിൽ അസീസി ഭാഗത്ത് മറ്റപ്പിള്ളി വീട്ടിൽ പ്രഭാകരൻ മകൻ എം.പി. ഷാജി എന്നിവർ രണ്ടാം പാർട്ടിയും ചേർന്നെഴുതിയ വാടക കരാർ.

ഒന്നാം പാർട്ടി : മുഹമ്മദ് ബഷീർ

രണ്ടാം പാർട്ടി : ധനേഷ് എം.എസ്. എം.പി. ഷാജി

No. 20696 Date 26/12/2022 Rs. 100

Dhanesh m.s mattappilly

linked with No. from Alwy to

Remitha Mol R.
Stamp Vendor, Aluva

സബ് ട്രഷറി
15 DEC 2022
കളമശ്ശേരി

भारतीय गैर न्यायिक

एक सौ रुपये

Rs. 100

रु. 100

ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

DV 965427



ടി മുഹമ്മദ് ബഷീറിന്റെ വകയും കരം തീരുവയിലും ഇരിക്കുന്നതും ആയ ആലുവ സബ് ജയിൽ റോഡിലുള്ളതും ഇറക്കത്ത് ബിൽഡിംങ്ങ് എന്ന നാമധേയത്തിലുള്ളതുമായ കെട്ടിടത്തിലെ ഫസ്റ്റ് ഫ്ളോറിലെ എ.എം.സി XIX/55A, 55B (പഴയത് 12-ാം വാർഡിലെ 556/5 A, 556/5 B എന്നീ നമ്പറുകളോടു കൂടിയ കെട്ടിട മുറി) നമ്പർ കെട്ടിട മുറി രണ്ടാം പാർട്ടിക്ക് മേൽ പറഞ്ഞ നാമധേയത്തിലുള്ള ടൂർസ് ആന്റ് ട്രാവൽസ് സ്ഥാപനം നടത്തേണ്ട ആവശ്യത്തിലേക്കായി ഇന്നു മുതൽ പതിനൊന്ന് മാസക്കാലത്തേക്ക് പ്രതിമാസം 9500/- (ഒൻപതിനായിരത്തി അഞ്ഞൂറ്) രൂപ വീതം വാടക തന്നുക്കൊള്ളാമെന്ന് സമ്മതിച്ച് ടി കെട്ടിട മുറി 2-ാം പാർട്ടി 1-ാം പാർട്ടിയോട് ഇന്നു മുതൽ താക്കോൽ സഹിതം വാടകയ്ക്കേറ്റ് കൈവശം വാങ്ങിയിരിക്കുന്നു.

ഒന്നാം പാർട്ടി : മുഹമ്മദ് ബഷീർ

രണ്ടാം പാർട്ടി : ധനേഷ് എം.എസ്. എം.പി. ഷാജി

No. 20697 Date 16/12/2022 Rs. 100

Dhanesh m s makkampally @ Aluva

..d with No. from.............to.................

Remitha Mol R.
Stamp Vendor, Aluva

സബ് ട്രഷറി
15 DEC 2022
കളമശ്ശേരി

പ്രതിമാസ വാടക എല്ലാ ഇംഗ്ലീഷ് മാസങ്ങളുടെയും 7-ാം തീയതികൾ തോറും 2-ാം പാർട്ടി 1-ാം പാർട്ടിക്കു നൽകിക്കൊള്ളാമെന്ന് സമ്മതിച്ചിട്ടുള്ളതും പ്രതിമാസ വാടക മുടക്കം വരുത്തിയാൽ ആ കാരണത്തിൻമേൽ കാലാവധി പരിഗണിക്കാതെ 2-ാം പാർട്ടിയെ ഈ വാടക അവകാശത്തിൽ നിന്നും ഒഴിപ്പിക്കാൻ 1-ാം പാർട്ടിക്ക് അവകാശമുള്ളതും അപ്രകാരം 2-ാം പാർട്ടി ഒഴിഞ്ഞു തന്നു കൊള്ളാവുന്നതുമാകുന്നു. ഈ വാടക അവകാശത്തിന്റെ ഉറപ്പിലേക്കായി പലിശ വ്യവസ്ഥ ഇല്ലാതെ അഡ്വാൻസായി 50,000/- അൻപതിനായിരം രൂപാ 2-ാം പാർട്ടി 1-ാം പാർട്ടിക്ക് റൊക്കം നൽകിയിട്ടുള്ളതും ഈ വാടക അവകാശം 2-ാം പാർട്ടി ഒഴിയുകയോ 1-ാം പാർട്ടി 2-ാം പാർട്ടിയെ ഒഴിപ്പിക്കുകയോ ചെയ്യുന്ന സമയം പ്രതിമാസ വാടകയിൽ കുടിശ്ശിഖ ഉണ്ടായിരുന്നാൽ ആയതു കുടിശ്ശിഖസംഖ്യ 2-ാം പാർട്ടി 1-ാം പാർട്ടിയെ ഏൽപ്പിച്ചിരിക്കുന്ന അഡ്വാൻസ് സംഖ്യയിൽ നിന്നും വസൂലാക്കിയെടുക്കാൻ 1-ാം പാർട്ടിക്ക് അവകാശമുള്ളതും എന്നാൽ കുടിശ്ശിഖ ഇല്ലാതിരിക്കും പക്ഷം ടി അഡ്വാൻസ് സംഖ്യ 2-ാം പാർട്ടിക്ക് 1-ാം പാർട്ടി തിരിച്ചു നൽകേണ്ടതുമാകുന്നു.ഈ വാടക അവകാശത്തിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് ടി കെട്ടിട മുറി 2-ാം പാർട്ടി 1-ാം പാർട്ടിക്ക് നേരിട്ട് ഒഴിഞ്ഞ് കൈവശം നൽകുന്നതിനല്ലാതെ കീഴ് വാടകയ്ക്ക് കൊടുക്കുന്നതിനോ അന്യകൈവശം കൊടുക്കുന്നതിനോ ടി കെട്ടിട മുറിയിൽ കൂടുതലായി എന്തെങ്കിലും എടുപ്പുകളോ ചാർത്തുകളോ എടുക്കുന്നതിനോ, ടി കെട്ടിട മുറിമേൽ പറഞ്ഞ ആവശ്യത്തിലേക്കല്ലാതെ വേറെ യാതൊരാവശ്യത്തിലേക്കും ഉപയോഗിക്കുന്നതിനോ യാതൊന്നിനും 2-ാം പാർട്ടിക്ക് അവകാശമില്ലാത്തതുമാകുന്നു. ടി കെട്ടിട മുറി കേടുപാടുകൾ വരുത്താതെയും നാശമോശപ്പെടുത്താതെയും 2-ാം പാർട്ടി സൂക്ഷിച്ചു കൊള്ളാവുന്നതും ഈ വാടക അവകാശം 2-ാം പാർട്ടി ഒഴിയുന്ന സമയം ടി കെട്ടിട മുറിക്ക് 2-ാം പാർട്ടിയിൽ നിന്നും എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചിരുന്നാൽ ആയത് 2-ാം പാർട്ടിയുടെ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും നന്നാക്കിച്ച് നൽകി ക്കൊള്ളാമെന്ന് സമ്മതിച്ചിട്ടുള്ളതും ആകുന്നു.

ഒന്നാം പാർട്ടി : മുഹമ്മദ് ബഷീർ

രണ്ടാം പാർട്ടി : ധനേഷ് എം.എസ്. എം.പി. ഷാജി

ടി കെട്ടിട മുറിയിൽ നിന്നും 2-ാം പാർട്ടി ഒഴിയുന്ന സമയം അഡ്വാൻസ് സംഖ്യക്ക് പുറമെ വേറെ യാതൊരു വിധ പ്രതിഫലവും 1-ാം പാർട്ടിയോട് ആവശ്യപ്പെടുന്നതിനോ ലഭിക്കുന്നതിനോ 2-ാം പാർട്ടിക്ക് അവകാശമില്ലാത്തതും ആകുന്നു.

ടി കെട്ടിട മുറിയിലുള്ള ഇലക്ട്രിക്, വാട്ടർ കണക്ഷനിൽ നിന്നും 2-ാം പാർട്ടി ഉപയോഗിക്കുന്ന ഇലക്ട്രിക് വാട്ടർ ചാർജ്ജ്, പ്രതിമാസ വാടകയ്ക്ക് പുറമെ 2-ാം പാർട്ടി നൽകിക്കൊള്ളാമെന്ന് സമ്മതിച്ചിട്ടുള്ളതും ആകുന്നു. ഈ കരാർ കാലാവധിക്കുള്ളിൽ ഈ വാടക അവകാശത്തിൽ നിന്നും 2-ാം പാർട്ടി ക്ക് ഒഴിയണമെങ്കിലോ 2-ാം പാർട്ടിയെ ഒന്നാം പാർട്ടിക്ക് ഒഴിപ്പിക്കണമെങ്കിലോ പരസ്പരം ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകേണ്ടതാകുന്നു. മേൽ പ്രകാരമെല്ലാം പൂർണ്ണമായി സമ്മതിച്ച് താഴെ എഴുതുന്ന സാക്ഷികൾ കാൺകെ ഈ വാടക കരാറിൽ 1-ം 2-ം പാർട്ടികൾ ഒപ്പിട്ടിരിക്കുന്നു.

ഒന്നാം പാർട്ടി : മുഹമ്മദ് ബഷീർ

രണ്ടാം പാർട്ടി : ധനേഷ് എം.എസ്. എം.പി. ഷാജി

സാക്ഷികൾ

1. Jiji A
2. Divya

ഒന്നാം പാർട്ടി : മുഹമ്മദ് ബഷീർ

രണ്ടാം പാർട്ടി : ധനേഷ് എം.എസ്. എം.പി. ഷാജി